

ലൂർദ്ദ് മാതാ ഹൈസ്കൂൾ , പള്ളിക്കുന്ന്

മാസ്റ്റർപ്ലാൻ 2025 - 26

# എഴുത്തോല

# ലൂർദ്ദ് മാതാ ഹയർ സെക്കണ്ടറി സ്കൂൾ

# പള്ളിക്കുന്ന്



## വിദ്യാലയം സംബന്ധിക്കുന്ന അടിസ്ഥാന വിവരങ്ങൾ

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം |
|---|---|---|
| 8 | 72 | 3 |
| 9 | 80 | 2 |
| 10 | 68 | 2 |

## അധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങൾ

| വിഭാഗം | എണ്ണം |
|---|---|
| പ്രധാനധ്യാപിക | 1 |
| അധ്യാപകർ | 12 |
| ഓഫീസ് സ്റ്റാഫ് | 4 |
| പാചകപുരയിലെ ജീവനക്കാർ | 1 |
| **ആകെ** | 18 |

## ഭൗതീക സൗകര്യങ്ങൾ

| ഭൗതീക സൗകര്യങ്ങൾ | എണ്ണം |
|---|---|
| ക്ലാസ്സ് മുറികൾ | 9 |
| സയൻസ് ലാബ് | 1 |
| കമ്പ്യൂട്ടർ ലാബ് | 1 |
| ലൈബ്രറി | 1 |
| പാചകപ്പുര | 1 |
| സ്റ്റോർ | 1 |
| ടോയ്‌ലറ്റ് | 19 |
| മൂത്രപ്പുര | 1 |
| ഓപ്പൺ സ്റ്റേജ് | 0 |
| ഐ ടി  ലാബ് | 1 |
| Atal Tinkering Lab | 1 |

## വിദ്യാലയം നേരിടുന്ന വെല്ലുവിളികൾ

1. പഠന വിടവ്
2. താല്പര്യമില്ലായ്മ
3. കുട്ടികൾ അനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളും അവ മൂലമുണ്ടാകുന്ന പഠന പിന്നാക്കാവസ്ഥ.
4. സാമൂഹ്യജീവിതത്തിന് ആവശ്യം വേണ്ട പെരുമാറ്റ രീതികളുടെ / ശീലങ്ങളുടെ വികാസക്കുറവ്.
5. ഓരോ വിഷയത്തിനും ക്ലാസ്സ് നിലവാരത്തിനനുസരിച്ച് ശേഷികൾ എല്ലാ കുട്ടികളും നേടാത്ത അവസ്ഥ.

6. കുട്ടികളുടെ കുടുംബവസ്ഥയും,സാമ്പത്തീക പ്രതിസന്ധിയും.
7. വിവരസാങ്കേതികവിദ്യയുടെ  പരമാവധി സാധ്യതകൾ പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ.

## ലക്ഷ്യങ്ങൾ

1. ബ്രിഡ്ജിങ്
2. സന്നദ്ധതാ പ്രവർത്തനങ്ങൾ
3. മിക്കച്ച അക്കോദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
4. AI ഉപയോഗിച്ചുള്ള ക്ലാസ്സുകൾ
5. ഓരോ മേഖലയിലും പ്രതിഭകൾക്ക് പോഷണപ്രവർത്തനങ്ങൾ നൽകൽ.
6. പ്രത്യേക പരിഗണന വേണ്ട കുട്ടികൾക്ക് പ്രത്യേക പോഷണ പരിപാടികൾ.
7. വിവിധ ക്ലാസ്സുകളിലെ നിലവാരത്തിനനുസരിച്ച് മലയാളം,ഇംഗ്ലീഷ്,ഹിന്ദി ഭാഷകളിൽ ആശയവിനിമയം നടത്തുന്നതിനും വിവിധ വ്യവഹാരരൂപങ്ങൾ ഉപയോഗിക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കൽ.
8. മികച്ച ഗവേഷണാത്മക ബോധനമാതൃകകൾ സൃഷ്ടിക്കൽ.
9. പ്രവർത്തനാധിഷ്ഠിത പഠനത്തിലൂടെ ഓരോ വിഷയത്തിലും ഏറ്റവും ഉയർന്ന നിലവാരത്തിൽ ഓരോ കുട്ടിയേയും എത്തിക്കൽ.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

**1. സയൻസ് ക്ലബ്ബ്**
2. ഇക്കോ ക്ലബ്ബ്
3. ഫോറസ്റ്ററി ക്ലബ്ബ്
4. ഗണിത ക്ലബ്ബ്
5. English Club
6. ഹിന്ദി ക്ലബ്ബ്
7. സാമൂഹ്യശാസ്ത്ര ക്ലബ്ബ്
8. വിദ്യാരംഗം കലാസാഹിത്യവേദി
9. ലഹരി വിരുദ്ധ ക്ലബ്ബ്
10. NCC
11. SCOUT

# വിദ്യാലയ ചരിത്രം

കിഴക്കിന്റെ ലൂർദ് എന്ന അപരനാമത്തിൽ അറിയപ്പെടുന്ന പള്ളിക്കുന്ന് ലൂർദ് മാതാ തീർത്ഥാടന കേന്ദ്രത്തിൻ കീഴിൽ മൂന്നു പതിറ്റാണ്ടുകൾക്ക് മുമ്പ് സമാരംഭിച്ച ലൂർദ് മാതാ ഹയർസെക്കൻഡറി സ്കൂളിലെ ചരിത്രത്തിലേക്കുള്ള ഒരു എത്തിനോട്ട ശ്രമമാണ് ഇത്. വളരെ പിന്നാക്കാവസ്ഥയിലുള്ള കർഷകരും,കർഷക തൊഴിലാളികളും ,പട്ടികവർഗ്ഗ,പിന്നോക്ക വിഭാഗക്കാരുമായ ജനതകളുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി കോഴിക്കോട് രൂപത കോർപ്പറേറ്റീവ് മാനേജ്മെന്റിനാൽ സ്ഥാപിക്കപ്പെടുകയും നടത്തപ്പെടുകയും ചെയ്തുവരുന്ന പൊതുവിദ്യാലയം ആണിത്.

പള്ളിക്കുന്നിന്റെയും പ്രാന്ത പ്രദേശങ്ങളുടെയും സാമൂഹിക സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലത്തിൽ ഒരു തിലകക്കുറിയായി പരില സിക്കുന്ന ഈ സ്ഥാപനത്തിന്റെ പടവുകളിറങ്ങി സമൂഹത്തിന്റെ മുഖ്യധാരയിൽ പ്രവർത്തിക്കുന്ന നിരവധി വ്യക്തിത്വങ്ങൾ ഉണ്ട് എന്ന സന്തോഷപൂർവ്വം സ്മരിക്കട്ടെ.

വടക്കേ വയനാട്ടിലെ മാനന്തവാടി താലൂക്കിൽ അഞ്ചുകുന്നു വില്ലേജിൽ പ്രദേശത്ത് പനമരം പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിൽ കോട്ടത്തറ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തുകളുടെ സംഗമ ഭൂമിയിലാണ് പള്ളിക്കുന്ന് എന്ന ഗ്രാമം സ്ഥിതി ചെയ്യുന്നത്. കോഴിക്കോട് മാനന്തവാടി റൂട്ടിൽ കമ്പളക്കാട് ടൗണിൽനിന്നും ഏതാണ്ട് 3 കിലോമീറ്റർ ദൂരം പിന്നിട്ടാൽ പള്ളിക്കുന്നിൽ എത്തിച്ചേരാം.

മുമ്പ് പ്രാദേശികമായി പേരറ്റക്കുന്ന്,ആനക്കുഴി,നടുവിൽ വീട് എന്നിങ്ങനെ വ്യത്യസ്ത പേരുകളിലാണ് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. ഫ്രഞ്ച് മിഷണറി ആയ ഫാദർ:ജഫ്രീനോ  തന്റെ മിഷനറി പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രേക്ഷിത പ്രവർത്തനത്തിന്റെ ഭാഗമായി ലൂർദ് മാതാവിന്റെ നാമധേയത്തിൽ ഈ സ്ഥലത്ത് ഒരു പള്ളി സ്ഥാപിച്ചു. പ്രസ്തുത പള്ളിയുമായി ബന്ധപെട്ടാണ് ഈ സ്ഥലത്തിന് പള്ളിക്കുന്ന് എന്ന പേര് ലഭിക്കാൻ ഇടയായത്. വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിരുന്ന യൂറോപ്യൻ പാതിരിമാർ പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങളും സ്ഥാപിച്ചു. ഇപ്പോൾ കോഴിക്കോട് രൂപതയുടെ കീഴിലാണ് ഈ സരസ്വതി ക്ഷേത്രം. മാനേജരായ ഫാദർ ജെൻസൺ പുത്തൻവീട്ടിലിന്റെ കീഴിൽ വളരെ നല്ല രീതിയിൽ വിദ്യാഭ്യാസ കേന്ദ്രം പ്രവർത്തിച്ചുവരുന്നു.

## ഹൈസ്കൂൾ വിഭാഗം

## മലയാളം

**ഉപലക്ഷ്യങ്ങൾ**

1. അടിസ്ഥാനശേഷികൾ നേടിയിട്ടില്ലാത്ത മുഴുവൻ കുട്ടികൾക്കും അവ നേടിയെടുക്കുന്നതിനുള്ള ലേഖന,ഭാഷണ,ശ്രവണ,വായനാ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ.
2. വായനാശീലത്തെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക.
3. സർഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് കുട്ടികളിൽ താൽപര്യം സൃഷ്ടിക്കുകയും എഴുത്തിന്റെ നൂതന സങ്കേതങ്ങൾ പരിചയപ്പെടുത്തുകയും ചെയ്യൽ.
4. ഭയരഹിതമായി കുട്ടികളെ സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കൽ.
5. മലയാള ഭാഷയിലുള്ള വൈദഗ്ധ്യം ഉറപ്പാക്കുന്നതിന്.

**ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിച്ച് ഓരോ കുട്ടിയേയും മലയാളം വായിക്കുവാൻ പ്രാപ്തരാക്കുന്നതിന് വേണ്ടിയുള്ള പ്രത്യേക പ്രവർത്തനം. പ്രീ ടെസ്റ്റ് നടത്തി കുട്ടിയുടെ പിന്നാക്കാവസ്ഥ കണ്ടുപിടിച്ച് അക്ഷരം ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ പ്രത്യേക മോഡ്യൂളുകൾ കൾ തയ്യാറാക്കി അവതരിപ്പിക്കൽ. അക്ഷരങ്ങളിൽ നിന്ന് വാക്കുകളിലേക്കും,വാക്കുകളിൽ നിന്ന് വാക്യങ്ങളിലേക്കും കുട്ടിയെ എത്തിക്കൽ.

**ഉപപ്രവർത്തനങ്ങൾ**

പ്രീ ടെസ്റ്റ്.
അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കൽ.
അക്ഷരകാർഡ് നിർമാണം.
വാക്കുകൾ വാക്യങ്ങൾ നിർമാണം.
ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്
ചിത്രം- കഥ എഴുതൽ

**കുട്ടിയെ മികച്ച വായനക്കാരനാക്കൽ**

സ്കൂൾ ലൈബ്രറി ,വായനകാർഡുകൾ ,വർക്ക്ഷീറ്റ് എന്നിവയുടെ സഹായത്താൽ കുട്ടിയെ വായനയുടെ ലോകത്ത് എത്തിച്ച് മികച്ച വായനക്കാരനാക്കാനുള്ള ബോധപൂർവ്വമായ ഇടപെടൽ ,അടിസ്ഥാനത്തിൽ പുസ്തകചർച്ച ,വായനാനുഭവം,

വായനാക്കുറിപ്പ് ,പതിപ്പ് എന്നിവ തയ്യാറാക്കൽ. ആസ്വാദ്യകരമായ വായനാനുഭവങ്ങൾ ഉണ്ടാക്കിയെടുക്കൽ.

**ഉപപ്രവർത്തനങ്ങൾ**

ക്ലാസ് വായനാക്കൂട്ടം
സ്കൂൾ ലൈബ്രറി നവീകരണം
സമീപ ഗ്രന്ഥശാല അംഗത്വം
വായനാനുഭവം ,പത്രവായന
പതിപ്പ്
വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം
ആസ്വാദ്യകരമായ വായന
ഇ-വായന

**കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക**

വായനയിലൂടെ ലഭിച്ച അനുഭവങ്ങൾ എഴുത്ത് രൂപത്തിൽ ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ.എഴുത്തുകൂട്ടം രൂപീകരിച്ച് വിവിധ സാഹിത്യകാരന്മാരെ പരിചയപ്പെടാനും, സാഹിത്യ ശാഖകൾ പരിചയപ്പെടാനും അതിലൂടെ പുസ്തകചർച്ച, വ്യക്തിഗത രചന ,സംഘ രചന എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.

**ഉപപ്രവർത്തനങ്ങൾ**

എഴുത്തുകൂട്ടം രൂപീകരണം
പതിപ്പ് ,ചുമർ പത്രിക
സർഗ്ഗസൃഷ്ടികളുടെ പുസ്തകം
വ്യക്തിഗത രചന ,സംഘ രചന
ഭാഷ പ്രോജക്ട്
സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി

**സദസ്സിനെ അഭിമുഖികരിക്കാൻ പ്രാപ്തരാക്കുക**

കുട്ടികൾ ആർജിച്ച വ്യവഹാര രൂപങ്ങൾ ഭയരഹിതമായി ഒരു സദസ്സിനെ അഭിമുഖീകരിച്ച് ഏറ്റെടുത്ത് നടത്തുവാൻ പ്രാപ്തരാക്കുക. പ്രസംഗ പരിശീലന കളരി, നാടക കളരി എന്നിവ സംഘടിപ്പിച്ച് അവതരിപ്പിക്കാനുള്ള വേദികൾ സജ്ജീകരിക്കുക.

**ഉപപ്രവർത്തനങ്ങൾ**

പ്രസംഗ പരിശീലന കളരി
പ്രസംഗം തയ്യാറാക്കൽ
പ്രസംഗങ്ങളുടെ ഓഡിയോ,വിഡിയോ കേൾപ്പിക്കൽ
അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കാൽ

# ENGLISH

## Objectives

1. Enrich language fluency and vocabulary.
2. develop skills in listening, speaking and reading.
3. Help the students to use English as a global language in natural situation.
4. Provide opportunities for expression in English.

## ACTIVITY

Enable children to communicate confidently in English.

## Sub Activities

A. Spoken English class
B. English cartoon
C English Assembly
D. English corner Story Time

# ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികളും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും , വായിക്കുവാനും , സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക .

2. ഓരോ യൂണിറ്റിലെയും പഠനനേട്ടങ്ങൾ ലഭിച്ചുവെന്ന് ഉറപ്പിക്കുക .

3. ഹിന്ദി ഭാഷാപഠനം ലളിതവും ,രസകരവും, ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക .

4. ഹിന്ദി ഭാഷാപഠനത്തിലൂടെ കുട്ടികളിൽ ഭാഷാസ്നേഹവും, ദേശസ്നേഹവും വളർത്തിയെടുക്കുക .

5. ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നൽകുക .

**പ്രവർത്തനങ്ങൾ**

**1 അക്ഷരങ്ങൾ , ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലനം. ഉച്ചാരണം പരിചയപ്പെടുത്തൽ.**

**ഉപപ്രവർത്തനങ്ങൾ**

അക്ഷരമാല അടങ്ങിയ സചിത്ര കാർഡുകൾ
അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.
ഓഡിയോ , വീഡിയോ സഹായത്താൽ അക്ഷരങ്ങൾ ഊട്ടിയുറപ്പിക്കുന്നു.

**2. ആഴ്ച്ചയുടെ പേരുകൾ , അക്കങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു.**

ഓരാ കുട്ടികളുടെയും ജനന തിയതി
ഹിന്ദി കലണ്ടർ
വർക്ക് ഷീറ്റുകൾ

**3. ഹിന്ദി അനായാസം എഴുതുവാനും , വായിക്കുവാനും പരിശീലനം**
**വായനയ്ക്ക് കൂടുതൽ പ്രാധാന്യം.**
**കാർട്ടൂൺ , ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാനുള്ള കഴിവ്**

പ്രശ്നോത്തരി
കേട്ടെഴുത്ത്
പദസൂര്യൻ
ചിത്രകഥകൾ
കാർട്ടൂണുകൾ

**4. തിരക്കഥ തയ്യാറാക്കൽ, ഡയറി തയ്യാറാക്കൽ, കത്ത് തയ്യാറാക്കൽ**

ചെറിയ നാടകങ്ങൾ
കഥകൾ
ചെറിയ ,ചെറിയ സംഭവങ്ങൾ നല്കി ഡയറി തയ്യാറാക്കാനുള്ളഅവസരം നൽകുന്നു.

കത്ത് തയ്യാറാക്കൽ

## സയൻസ്

**ഉപലക്ഷ്യങ്ങൾ**

1. ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കാണിച്ചുകാട്ടുക്കന്നതിന്.
2. പ്രാജക്ടുകൾ ചെയ്ത് സയൻസിലെ നൂതനാശയങ്ങൾ സ്വായത്തമാക്കുന്നതിന്.
3. നിരീക്ഷണങ്ങൾ,പരീക്ഷണങ്ങൾ എന്നിവയിലേർപ്പെടുന്നതിന് കുട്ടികളിൽ താല്പര്യം സൃഷ്ടിക്കൽ.
4. പ്രക്രിയാശേഷികളുടെ വികസനത്തിനുതകുന്ന ക്ലാസ് അനുഭവങ്ങൾ ഒരുക്കൽ.
5. ശുചിത്വം ,പരിസ്ഥിതി സംരക്ഷണം തുടങ്ങിയ മേഖലകളിൽ അറിവും പ്രായാഗികപരിജ്ഞാനവും നേടൽ.
6. നാട്ടറിവുകൾ ശേഖരിക്കൽ.
7. പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടൽ.

## വീക്ഷണ കൗതുകം

കൗതുകം ,ജിജ്ഞാസ ,നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുന്നതിനും ഉൽപ്പന്നങ്ങൾ പ്രദർ,ശിപ്പിച്ച് സഹപാഠികൾക്ക് പരിചയപെടുത്തുന്നതിനും ,ശാസ്ത്രീയ മനോഭാവം രൂപീകരിക്കുന്നതിനുമുള്ള പ്രവർത്തനം .

**ഉപപ്രവർത്തനങ്ങൾ**

ലഘുപരീക്ഷണങ്ങൾ
മോഡലുകൾ
പ്രദർശനം
ലഘുപ്രൊജക്റ്റ്

## ശാസ്ത്ര വീഥിയിലൂടെ

നിരന്തരമായി അന്വേഷണം നടത്തുകയും വിവരങ്ങൾ ശേഖരിച്ച് വിശകലനം നേടാനുള്ള ശേഷികൾ നേടുകയും ചെയ്യൽ

സെമിനാറുകൾ
ശാസ്ത്ര ശിൽപ്പശാലകൾ

## ആധുനിക ലോകത്തേക്ക്

മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തി കുട്ടികളെ സമൂഹത്തിന് ചേർന്നവരാക്കി മാറ്റുക.

ശാസ്ത്രലൈബ്രറി
ശാസ്ത്രമാസിക
പ്രസിദ്ധീകരണങ്ങൾ
സയൻസ് ലാബ്

## പ്രകൃതിയിലൂടെ....

പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തി പ്രകൃതി സ്നേഹികളായ കുട്ടികളെ വളർത്തി വരും തലമുറയ്ക്കും വേണ്ടി പരിസ്ഥിതിയെ സംരക്ഷിക്കുന്നവരാക്കി തീർക്കൽ .

തണൽ വൃക്ഷങ്ങൾ നടൽ
ഔഷധത്തോട്ടം
പച്ചക്കറിത്തോട്ടം
സമ്പൂർണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ്

## ഗവേഷണോൽസുക വർധിപ്പിക്കൽ

പുത്തൻ സാങ്കേതിക വിദ്യയും ,പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തി കുട്ടികളെ സംസ്ഥാന ,ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ .

Atal Tinkering Lab
3D Projector
Robotics
നൂതനാശയങ്ങൾ
ഗവേഷണം

## ഗണിതം

**ഉപലക്ഷ്യങ്ങൾ**

1. ഗണിതത്തിലെ അടിസ്ഥാനശേഷികൾ എല്ലാവരും നേടി എന്ന് ഉറപ്പുവരുത്താൻ.

2. കുട്ടികളിൽ ഗണിത താത്പര്യം വളർത്തൽ.
3. പ്രായാഗിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യൽ.
4. നിത്യ ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾ തന്മയത്താടെ കൈകാര്യം ചെയ്യൽ.

## പ്രവർത്തനങ്ങൾ

ഗണിതത്തിലെ അടിസ്ഥാന ശേഷികൾ ഓരോ കുട്ടിയിലും എത്തിയെന്ന് ഉറപ്പുവരുത്തൽ .
കുട്ടികളിൽ ഗണിതത്തോടുള്ള ഭയം മാറ്റൽ .
നിത്യജീവിതത്തിലെ ഗണിത പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യൽ.

**ഉപപ്രവർത്തനങ്ങൾ**

അടിസ്ഥാന ഗണിതക്രിയകൾ
6 അക്ക സംഖ്യകളിലെ സങ്കലന , വ്യവകലന ക്രിയകൾ
ഗണിത ഹരണ ആശയങ്ങൾ
ഘടകക്രിയകൾ
വെട്ടി ചെറുതാക്കൽ

**പഠനപ്രവർത്തനങ്ങൾ സുഗമമാക്കാൽ**

പാഠഭാഗങ്ങൾ
ഹാർഡ്സ്പോട്
വർക്ക്ഷീറ്റ്
ജിയോജിബ്ര
യൂണിറ്റ് ടെസ്റ്റ്

## സാമൂഹ്യശാസ്ത്രം

**ഉപലക്ഷ്യങ്ങൾ**

1. ജനാധിപത്യബോധം വളർത്തുന്നതിനും ജനാധിപത്യനടപടികളെപ്പറ്റി ധാരണ രൂപീകരിക്കുന്നതിനും.
2. സാമൂഹിയശാസ്ത്ര പഠനത്തിനാവശ്യമായ വിഭവങ്ങൾ പ്രാദേശികമായി ശേഖരിക്കുന്നതിനും
ഉപയോഗപ്പെടുത്തുന്നതിനും.
3. ഭൂമിശാസ്ത്രപരമായ പഠനങ്ങൾ നടത്തുന്നതിന്.

4. കുട്ടികളിൽ സാമൂഹ്യപരമായ ഇടപെടലുകൾ നടത്തുന്നതിന് ആവശ്യമായ
കഴിവുകൾ
ഉണ്ടാക്കുന്നതിന്.
5. മതേതരത്വം ,സഹിഷ്ണുത എന്നിവ വളർത്തുന്നതിന്.

## പ്രവർത്തനങ്ങൾ

### ഇന്ത്യയെ അറിയാൻ ...ലോകത്തെ അറിയാൻ...

കുട്ടികളെ വിവിധ ജില്ലകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു .14 ജില്ലകൾ , പ്രത്യേകതകൾ , സാംസ്കാരികം ,നിയമസഭാ അംഗങ്ങൾ , പാർലമെന്റ് അംഗങ്ങൾ എന്നിവ കൂട്ടിച്ചേർത്ത് കൈപുസ്തകം തയ്യാറാക്കൽ .

**ഉപപ്രവർത്തനങ്ങൾ**

ജില്ലകൾ
പ്രത്യേകതകൾ
സാംസ്കാരികം
നിയമസഭാ അംഗങ്ങൾ
പാർലമെന്റ് അംഗങ്ങൾ

### ഭൂഖണ്ഡങ്ങളെ അറിയാൻ....

അഞ്ചു ഗ്രൂപ്പുകളാക്കി ഭൂഖണ്ഡങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നു .ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണ്ടെത്തുന്നു വിവരങ്ങൾ ചേർത്ത് എന്റെ ഭൂപടം എന്ന പേരിൽ പുസ്തകം തയ്യാറാക്കുന്നു .

**ഉപപ്രവർത്തനങ്ങൾ**

ഭൂഖണ്ഡത്തിലെ രാജ്യങ്ങൾ
ഭൂപടം
രാജ്യങ്ങളുടെ സവിശേഷതകൾ
പതിപ്പ്

### ഇന്ത്യയിലെ ഭൂപ്രകൃതി സവിശേഷതകളിലൂടെ ഒരു യാത്ര ....

ഇന്ത്യയിലെ ഭൂപ്രകൃതി സവിശേഷതകൾ കണ്ടെത്താനും പർവ്വതങ്ങൾ , സമതലങ്ങൾ , പീഠഭൂമികൾ , തീരസമതലങ്ങൾ , മരുഭൂമികൾ , ദ്വീപുകൾ

എന്നിവയുടെ പ്രത്യേകതകൾ പുസ്തകങ്ങൾ ,ICT എന്നിവയുടെ സഹായത്താൽ കണ്ടെത്തി വ്യക്തിപരമായി ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം .

**ഉപപ്രവർത്തനങ്ങൾ**

പർവ്വതങ്ങൾ  സവിശേഷതകൾ
സമതലങ്ങൾ സവിശേഷതകൾ
പീഠഭൂമികൾ സവിശേഷതകൾ
തീരസമതലങ്ങൾ സവിശേഷതകൾ
മരുഭൂമികൾ സവിശേഷതകൾ
ദ്വീപുകൾ സവിശേഷതകൾ
ഡിജിറ്റൽ ആൽബം തയ്യാറാക്കൽ .

## കലാപഠനം

### കുട്ടികളുടെ ചിത്ര പ്രദർശനം

കുട്ടികളുടെ സർഗ്ഗ വാസനകൾ ചിത്രങ്ങളായി മാറ്റുവാൻ അവസരം . കുട്ടികളിലുള്ള കഴിവുകൾ പുറത്തുകൊണ്ടുവരാനുള്ള പ്രവർത്തനം . കുട്ടികളുടെ ശേഷികൾ വർധിപ്പിക്കുന്നതിന് പ്രദർശനം .

**ഉപപ്രവർത്തനം**
ചിത്രംവര
കളർ ചെയ്യൽ
നിഴലും , വെളിച്ചവും
പ്രദർശനം

### ക്ലേ-മോഡലിംഗ് & പേപ്പർ ക്രാഫ്റ്റ്

കളിമണ്ണുകൊണ്ടുള്ള രൂപങ്ങൾ നിർമ്മിക്കുന്ന സർഗാത്മക പ്രവർത്തനം . കളിമൺ ഉപയോഗിച്ച് പേന സ്റ്റാൻഡ് ,ഫ്ലവർ പൊടി എന്നിവ നിർമ്മിക്കുന്നു .കൂടാതെ പേപ്പർ ഉപയോഗിച്ച് ഉപകാരപ്രദമായ വസ്തുക്കളുടെ നിർമാണം .

**ഉപപ്രവർത്തനം**
ക്ലേ ഉപയോഗിച്ച് പെൻ ഹോൾഡർ
ഫ്ലവർ പോട്ട്
ന്യൂസ് പേപ്പർ ഉപയോഗിച്ചുള്ള ക്രാഫ്റ്റ് വർക്ക്.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കൽ<br>7. ചിത്രം - അടിക്കുറിപ്പ്<br>8. ചിത്രം - കഥ എഴുതൽ<br>9. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ - ജൂലൈ | പി ടി എ , അധ്യാപകർ | പി ടി എ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനാക്കൂട്ടം<br>2. സ്കൂൾ ലൈബ്രറി നവീകരണം<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനാനുഭവം ,പത്രവായന<br>5. പതിപ്പ് | ജൂലൈ - ഓഗസ്റ്റ് | പി ടി എ , അധ്യാപകർ | പി ടി എ |

| | | | | |
|---|---|---|---|---|
| | 6. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>7. ആസ്വാദ്യകരമായ വായന<br>8. ഇ-വായന | 6 മാസം | പി ടി എ , അധ്യാപകർ | പി ടി എ . പഞ്ചായത്ത് |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പതിപ്പ് ,ചുമർ പത്രിക<br>3. സർഗ്ഗസൃഷ്ടികളുടെ പുസ്തകം<br>4. വ്യക്തിഗത രചന ,സംഘ രചന<br>5. ഭാഷ പ്രോജക്ട്<br>6. സാഹിത്യ-സാംസ്കാരിക<br>7. ചിത്ര ഗ്യാലറി | ജൂലൈ - ഡിസംബർ | അധ്യാപകർ, വിദ്യാലയ വികസന സമിതി | വിദ്യാലയ വികസന സമിതി |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി<br>2. പ്രസംഗം തയ്യാറാക്കൽ<br>3. പ്രസംഗങ്ങളുടെ<br>4. ഓഡിയോ,വിഡിയോ കേൾപ്പിക്കൽ<br>5. അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കാൽ | ജൂലൈ - ഡിസംബർ | ട്രെയിനർ | പി ടി എ . പഞ്ചായത്ത് |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Enable to communicate with confidence in English. | Spoken English class<br>English Cartoon<br>English Assembly<br>English Corner Story Time | June - August | PTA & Teachers | Teachers/PTA |
| | | | | |

<u>ഹിന്ദി</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| അക്ഷരങ്ങൾ , ചിഹ്നങ്ങൾ തുടങ്ങിയവ തിരിച്ചറിയാൻ പരിശീലനം.<br>ഉച്ചാരണം പരിചയപ്പെടുത്തൽ.<br>അക്ഷരങ്ങൾ എഴുതാനും , വായിക്കാനുമുള്ള പരിശീലനം. | അക്ഷരമാല അടങ്ങിയ സചിത്ര കാർഡുകൾ നൽകുന്നു.<br>അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>ഓഡിയോ , വീഡിയോ സഹായത്താൽ അക്ഷരങ്ങൾ ഊട്ടിയുറപ്പിക്കുന്നു. | ജൂൺ - സെപ്റ്റംബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |
| ആഴ്ചയുടെ പേരുകൾ , അക്കങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ഓരോ കുട്ടികളുടെയും ജനന തിയതി ഹിന്ദിയിൽ എഴുതുന്നു.<br>ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു.<br>വർക്ക് ഷീറ്റുകൾ നൽകുന്നു. | ഓഗസ്റ്റ് - സെപ്തംബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |
| ഹിന്ദി അനായാസം എഴുതുവാനും , വായിക്കുവാനും പരിശീലനം<br>വായനയ്ക്ക് കൂടുതൽ പ്രാധാന്യം.<br>കാർട്ടൂൺ ,ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാനുള്ള കഴിവ് | പ്രശ്നോത്തരി , കേട്ടെഴുത്ത് , പദസൂര്യൻ എന്നിവ നൽകുന്നു.<br>ചിത്രകഥകൾ , കാർട്ടൂണുകൾ , ചെറു കഥകൾ എന്നിവ വായനയ്ക്കായി നല്കുന്നു. | സെപ്തംബർ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |

## ഒൻപതാം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഹിന്ദി എഴുതുവാനും , വായിക്കുവാനും പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതല് പരിശീലനം നൽകുന്നു. | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ജൂൺ - സെപ്തംബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |
| നാമം , സർവ്വനാമം , വിശേഷണം എന്നിവ കണ്ടെത്തുവാൻ പരിശീലനം നൽകുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ മുദ്രാവാക്യങ്ങൾ നിർമിക്കുന്നു. | ചാർട്ടുകൾ നൽകുന്നു , അതിൽ നിന്നും നാമം , സർവ്വനാമം , വിശേഷണം എന്നിവ കണ്ടെത്തുന്നു. കവിത , കഥ എന്നിവ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചന ബോർഡ് തയ്യാറാക്കി വിവിധ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നു. | ഓഗസ്റ്റ് - സെപ്തംബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |
| പോസ്റ്റർ തയ്യാറാക്കാനുള്ള പരിശീലനം കവിത വായിച്ച് ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. മൂല്യനിർണയം നടത്തി ക്ലാസ്സിൽ പ്രദർശിപ്പിക്കുന്നു. ചെറിയ കവിതകൾ നൽകി ആസ്വാദന കുറിപ്പുകൾ ക്ലാസ്സിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | സെപ്തംബർ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| തിരക്കഥ തയ്യാറാക്കൽ | ചെറിയ നാടകങ്ങൾ , കഥകൾ എന്നിവ വായിച്ച് തിരക്കഥ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ഒക്ടോബർ - ഫെബ്രുവരി | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |

## പത്താം തരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| കുട്ടികളു ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുന്നു. വേദിയിൽ നാടകം അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ജൂൺ - സെപ്റ്റംബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |

| | | | | |
|---|---|---|---|---|
| തിരക്കഥ തയ്യാറാക്കൽ | ചെറിയ നാടകങ്ങൾ , കഥകൾ എന്നിവ വായിച്ച് തിരക്കഥ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ജൂലായ് - സെപ്റ്റംബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |
| ഡയറി തയ്യാറാക്കൽ | ചെറിയ, ചെറിയ സംഭവങ്ങൾ നല്കി ഡയറി തയ്യാറാക്കാനുള്ള അവസരം നൽകുന്നു. | സെപ്റ്റംബർ - നവംബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |
| കത്ത് തയ്യാറാക്കൽ | ലോക തപാൽ ദിനത്തോടനുബന്ധിച്ച് മിത്രത്തിനൊരു കത്ത് " തയ്യാറാക്കി പോസ്റ്റ് ചെയ്യുന്നു. | ഒക്ടോബർ | ഹിന്ദി അധ്യാപകൻ | PTA,അധ്യാപകർ |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| **വീക്ഷണ കൗതുകം**<br>കൗതുകം ,ജിജ്ഞാസ ,നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘു പരീക്ഷണങ്ങൾ സഹപാടികൾക്ക് മുമ്പിൽ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു.<br>മോഡലുകൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി മോഡൽ നിർമിക്കുന്നു .<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഉത്പന്നങ്ങളുടെ പ്രദർശനം .<br>ക്ലാസ്സുകളിൽ ലഘു പ്രൊജക്റ്റ് നൽകി മെച്ചപ്പെട്ടത് പൊതു വേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA |
| **ശാസ്ത്ര വീഥിയിലൂടെ**<br>നിരന്തരമായി അന്വേഷണം നടത്തുകയും വിവരങ്ങൾ ശേഖരിച്ച് വിശകലനം നേടാനുള്ള ശേഷികൾ നേടുകയും ചെയ്യൽ | ക്ലാസ്സുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടത് പൊതുവേദയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA,അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **ആധുനിക ലോകത്തേക്ക്**<br>മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തി കുട്ടികളെ സമൂഹത്തിന് ചേർന്നവരാക്കി മാറ്റുക. | ശാസ്ത്രലൈബ്രറി ,ശാസ്ത്രമാസിക പ്രസിദ്ധീകരണങ്ങൾ ,സയൻസ് ലാബ് എന്നിവ ആധുനിക വൽക്കരിക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | PTA,അധ്യാപകർ , മാനേജ്മെന്റ് |
| **പ്രകൃതിയിലൂടെ....**<br>പരിസ്ഥിതിസൗഹൃദ മനോഭാവം വളർത്തി പ്രകൃതി സ്നേഹികളായ കുട്ടികളെ വളർത്തി വരും തലമുറയ്ക്കും വേണ്ടി പരിസ്ഥിതിയെ സംരക്ഷിക്കുന്നവരാക്കി തീർക്കൽ . | തണൽ വൃക്ഷങ്ങൾ നടൽ ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമാണം<br>സമ്പൂർണ പ്ലാസ്റ്റിക് നിരോധിത ക്യാമ്പസ് ഒരുക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | കൃഷി വകുപ്പ് , പഞ്ചായത്ത് , അധ്യാപകർ |
| **ഗവേഷണോൽസുക വർധിപ്പിക്കൽ**<br>പുത്തൻ സാങ്കേതിക വിദ്യയും ,പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുത്തി കുട്ടികളെ സംസ്ഥാന ,ദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുപ്പിക്കൽ . | അടൽ ടിങ്കറിങ് ലാബിന്റെ ഉപയോഗത്തിലൂടെ പ്രതിഭാശാലികളായ കുട്ടികളെ വളർത്തുന്നു.<br>3 D പ്രൊജക്ടർ വർക്കുകൾ റോബോട്ടിക് പഠനം സയൻസിലെ നൂതനാശയങ്ങൾ പരിചയപ്പെട്ട് ഗവേഷണത്തിൽ ഏർപെടൽ | അക്കാദമിക വർഷം | ട്രൈനർമാർ ,അധ്യാപകർ | മാനേജ്മെന്റ് , വിദ്യാലയ വികസന സമിതി |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിലെ അിസ്ഥാനശേഷികൾ എല്ലാവരും നേടി എന്ന് ഉറപ്പുവരുത്തൽ . | കുട്ടികളിൽ അടിസ്ഥാന ഗണിതാശയങ്ങൾ വളർത്തിയെടുക്കാനും , ഉറപ്പിക്കാനും ആവിശ്യമായ പ്രവർത്തനങ്ങൾ | ജൂൺ | അധ്യാപകർ | PTA |
| കുട്ടികളിൽ ഗണിതത്തോടുള്ള ഭയം മാറ്റി നിത്യജീവിതത്തിലെ ഗണിത പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യൽ. | 6 അക്ക സംഖ്യകൾ വരെയുള്ള സങ്കലന , വ്യവകലന ക്രിയകൾ. ഗുണന , ഹരണ ആശയങ്ങൾ ഉറപ്പിക്കാൻ വെട്ടിച്ചെറുതാക്കൽ , ഘടകക്രിയ, അടിസ്ഥാന ക്രിയകൾ തുടങ്ങി വ്യത്യസ്ഥ തരത്തിലുള്ള ക്രിയകൾ ചെയ്യിക്കൽ | ജൂലൈ - സെപ്റ്റംബർ | അധ്യാപകർ | അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| പഠനപ്രവർത്തനങ്ങൾ സുഗമമാക്കാൽ | 8 , 9 , 10 ക്ലാസ്സുകളിലെ ആദ്യ ടേമിലെ പാഠഭാഗങ്ങൾ ചർച്ചചെയ്യുകയും ഹാർഡ് സ്പോട്ടുകൾ കണ്ടെത്തുകയും ചെയ്യുന്നു.<br>വർക്ക്ഷീറ്റുകൾ , ജിയോജിബ്ര , ടെക്സ്റ്റ് ബുക്ക് ആക്ടിവിറ്റീസ് എന്നിവയിലൂടെ പഠനം എളുപ്പമാക്കുന്നു .<br>യൂണിറ്റ് ടെസ്റ്റ് | ജൂലൈ - സെപ്റ്റംബർ | അധ്യാപകർ | PTA |

| | | | | |
| --- | --- | --- | --- | --- |
| | | | | |

## കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ചിത്ര പ്രദർശനം | കുട്ടികൾ ഒരു ചാർട്ട് പേപ്പറിന്റെ പകുതിയിൽ ചിത്രം വരയ്ക്കുന്നു. വാട്ടർ കളർ ഉപയോഗിച്ച് ചിത്രത്തിന് നിറം നൽകുന്നു. പ്രാഥമിക നിറങ്ങൾ ഉപയോഗിച്ച് മറ്റ് നിറങ്ങൾ നിർമ്മിക്കുന്നു. ചിത്രത്തിൽ നിഴലും ,വെളിച്ചവും നിറങ്ങൾ ഉപയോഗിച്ച് ചെയ്യുന്നു. മൗണ്ട് ചെയ്ത് പ്രദർശനത്തിന് തയ്യാറാക്കുന്നു. | ജൂൺ - ഓഗസ്റ്റ് | ആർട് അധ്യാപകൻ | പി ടി എ , അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ക്ലേ-മോഡലിംഗ് & പേപ്പർ ക്രാഫ്റ്റ് | ക്ലേ ഉപയോഗിച്ച് പെൻ ഹോൾഡർ ,ഫ്ലവർ പോട്ട് എന്നിവയുടെ നിർമാണം. ന്യൂസ് പേപ്പർ ഉപയോഗിച്ചുള്ള ക്രാഫ്റ്റ് വർക്ക്. | അക്കാദമിക വർഷം | ആർട് അധ്യാപകൻ | പി ടി എ , അധ്യാപകർ, വിദ്യാലയ വികസന സമിതി |

## സാമൂഹ്യശാസ്ത്രം

## എട്ടാംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| ഇന്ത്യയെ അറിയാൻ ... ലോകത്തെ അറിയാൻ... | ജില്ലകൾ പ്രത്യേകതകൾ<br>സാംസ്കാരിക സവിശേഷതകൾ<br>നിയമസഭാ അംഗങ്ങൾ<br>പാർലമെന്റ് അംഗങ്ങൾ<br>കൈപുസ്തകം തയ്യാറാക്കൽ . | ജൂൺ - ഓഗസ്റ്റ് | അധ്യാപകർ | അധ്യാപകർ |

## ഒൻപതാംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൂഖണ്ഡങ്ങളെ അറിയാൻ.... | ഭൂഖണ്ഡവിശകലനം<br>ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണ്ടെത്തൽ<br>ലേഖനം<br>പുസ്തക നിർമാണം | ജൂൺ - ഓഗസ്റ്റ് | അധ്യാപകർ | അധ്യാപകർ<br>PTA |

## പത്താംതരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇന്ത്യയിലെ ഭൂപ്രകൃതി സവിശേഷതകളിലൂടെ ഒരു യാത്ര .... | ഭൂപ്രകൃതി സവിശേഷതകൾ കണ്ടെത്തൽ<br>പർവ്വതങ്ങൾ , സമതലങ്ങൾ , പീഠഭൂമികൾ , തീരസമതലങ്ങൾ , മരുഭൂമികൾ , ദ്വീപുകൾ എന്നിവയുടെ പ്രത്യേകതകൾ കണ്ടെത്തൽ<br>ICT പ്രവർത്തനങ്ങൾ<br>ഡിജിറ്റൽ ആൽബം തയ്യാറാക്കൽ | ജൂൺ - ഓഗസ്റ്റ് | അധ്യാപകർ | അധ്യാപകർ<br>PTA |